പേരുകളിൽ രണ്ട് പുതിയ ഇൻഷ്വറൻസ് പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. 1-4-2009 പ്രാബല്യത്തിൽ സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും വിരമിക്കൽ തീയതി ഏകീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

(സി) ജി.ഒ. (പി) 651/2010/ധന. തീയതി 1-12-2010 പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 180 ദിവസത്തേക്ക് നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് ഒരുമാസത്തിൽ ഒന്ന് എന്ന നിരക്കിൽ ആകെ ആറ് ദിവസത്തെ കാഷ്വൽ ലീവ് അനുവദിച്ചിട്ടുണ്ട്. ക്ളാസ് ഫോർ ജീവനക്കാരുടെ പെൺമക്കൾക്ക് നിലവിലുണ്ടായിരുന്ന വിവാഹ ധനസഹായ വായ്പയുടെ പരിധി 25,000 രൂപയിൽ നിന്നും 30,000 രൂപയാക്കി ഉയർത്തുകയും പലിശ നിരക്ക് 9 ശതമാനത്തിൽ നിന്ന് 8 ശതമാനമാക്കി കുറയ്ക്കുകയും ചെയ്തു. വിരമിക്കൽ പ്രായം ഏകീകരണംമൂലം ജീവനക്കാർക്ക് യഥാർത്ഥ വിരമിക്കൽ തീയ്തിമുതൽ മാർച്ച് 31 വരെയുള്ള കാലയളവ് എല്ലാ സർവ്വീസ് ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതാണെന്നും ഈ ആനുകൂല്യം അദ്ധ്യാപകർക്കുംകൂടി ബാധകമാക്കി ഉത്തരവിറക്കിയിട്ടുണ്ട്. കൂടാതെ സസ്പെൻഷൻകാലം അർഹതപ്പെട്ട അവധിയുടെ അഭാവത്തിൽ ശൂന്യവേതനാവധിയായി ക്രമീകരിക്കുമ്പോൾ ഉപജീവനബത്ത തിരിച്ചടയ്ക്കേണ്ടതില്ലായെന്ന് 24-8-2007 പ്രാബല്യത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) വനിതാ ജീവനക്കാരുടെ പ്രസവാവധി 180 ദിവസമായി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചു. അഡോപ്ഷനായി 45 ദിവസത്തെ അവധി അനുവദിച്ചിട്ടുണ്ട്. കൂടാതെ വനിതാ ജീവനക്കാർക്കായി 180 ദിവസത്തെ ചൈൽഡ് അഡോപ്ഷൻ ലീവും അനുവദിച്ചിട്ടുണ്ട്.

(ഇ) 12-11-2009-ലെ ജി.ഒ.(പി.) നമ്പർ 505/2009/ധന പ്രകാരം സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ഭവന നിർമ്മാണ വായ്പാ പദ്ധതി കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 244-ലെ ചട്ടങ്ങളും അതിനുശേഷമുള്ള ഭേദഗതികളോടുമൊപ്പം 2009-10 സാമ്പത്തിക വർഷം പുനഃസ്ഥാപിച്ചിട്ടുള്ളതാണ്. ജീവനക്കാരന്റെ അടിസ്ഥാന ശമ്പളത്തിന്റെ 50 ഇരട്ടിയോ 10 ലക്ഷം രൂപയോ ഏതാണോ കുറവ് അതിനുതുല്യമായ തുക ഭവന വായ്പയായി ലഭിക്കും. 8 ശതമാനം സാധാരണ പലിശനിരക്കിലാണ് വായ്പ അനുവദിക്കുന്നത്.

യുവജനക്ഷേമ പദ്ധതികൾ

5 (*305) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ യുവജനങ്ങൾക്കായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതികൾക്കുള്ള സാമ്പത്തിക സ്രോതസ്സ് എപ്രകാരം ; ഇതിൽ കേന്ദ്ര-സംസ്ഥാന സർക്കാർ വിഹിതം, മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെ വിഹിതം എത്ര വീതം എന്നു വ്യക്തമാക്കുമോ ;

(സി) യുവജനക്ഷേമ കാര്യങ്ങൾക്കായി 2010-11 സാമ്പത്തിക വർഷത്തിൽ ഇതുവരെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ?

തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. വി. സുരേന്ദ്രൻപിള്ള) :

(എ) സംസ്ഥാനത്തെ യുവജനങ്ങൾക്കായി കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡുവഴി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. യുവശക്തി
2. കേരളോത്സവം
3. ദുരന്ത നിവാരണത്തിനായി യുവകർമ്മസേന
4. സ്വയംതൊഴിൽ പരിശീലന പദ്ധതി
5. മദ്യം, മയക്കുമരുന്ന്, വർഗ്ഗീയത, തീവ്രവാദം എന്നിവക്കെതിരായ ബോധവൽക്കരണ പരിപാടികൾ
6. സാഹസിക പ്രവർത്തനങ്ങൾ
7. യുവജന പ്രവർത്തനങ്ങൾ നടത്തുന്ന മികച്ച ക്ലബ്ബിനും/സന്നദ്ധ സംഘടനയ്ക്കും വ്യക്തിക്കും യൂത്ത് അവാർഡ്
8. ദേശീയോദ്ഗ്രഥന ക്യാമ്പുകൾ സംഘടിപ്പിക്കൽ
9. യുവമാധ്യമ പ്രവർത്തക ക്യാമ്പ്
10. യുവാക്കൾക്കായി എക്സിബിഷൻ
11. നാടൻ കലകളിൽ പരിശീലനം
12. തൊഴിൽ മേളകൾ സംഘടിപ്പിക്കൽ
13. യുവനേതൃത്വ ക്യാമ്പ്/ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്
14. യുവാക്കൾക്കായി ബോട്ട് ക്രൂ പരിശീലനം
15. ജാവകം പദ്ധതി
16. യുവകാർഷിക ക്ലബ്ബുകൾ, വനിതാ യൂത്ത് ക്ലബ്ബുകൾ എന്നിവയുടെ പ്രവർത്തനം
17. ആദിവാസി/ഗോത്രവർഗ്ഗ യുവജനതയ്ക്കായി ആദിവാസി മേഖല (ട്രൈബൽ യൂത്ത് പ്രോഗ്രാം)
18. അന്തർദ്ദേശീയ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം
19. യൂത്ത് ഹോറം.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാന സർക്കാർ നൽകുന്ന ധനസഹായം കൊണ്ടാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പാക്കുന്നത്. 2010-11 സാമ്പത്തിക വർഷം 8 കോടി രൂപയാണ് അനുവദിച്ചത്.

(സി) 532 ലക്ഷം രൂപ ചെലവഴിച്ചു.

ഹേലി കമ്മിറ്റി ശുപാർശകൾ

6 (*306) ശ്രീ. കെ. ബാബു :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ക്ഷീരമേഖലയുടെ വിവിധ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയ ഹേലി കമ്മിറ്റി ഇതു സംബന്ധിച്ച് എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതുവരെ പ്രസ്തുത നിർദ്ദേശങ്ങളിൽ ഏതൊക്കെ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ കേന്ദ്ര സഹായം ലഭ്യമാകുന്ന ഏതൊക്കെ പ്രോജക്ടുകൾ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് അയച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ) സംസ്ഥാനത്തെ ക്ഷീരമേഖലയുടെ വിവിധ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയ ഹേലി കമ്മിറ്റി ഇതു സംബന്ധിച്ച് ആകെ 58 ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശുപാർശകൾ അനുബന്ധം-1 ആയി ചേർക്കുന്നു.*

(ബി) പ്രസ്തുത നിർദ്ദേശങ്ങളിൽ ക്ഷീരവികസന വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-2 ആയും മൃഗസംരക്ഷണ വകുപ്പുവഴി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം-3 ആയും ചേർക്കുന്നു.*

(സി) ഹേലി കമ്മിറ്റി 1240 കോടി രൂപയുടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് ശുപാർശ നൽകിയിട്ടുള്ളത്. ഇതിൽ കർഷകർക്ക് നേരിട്ട് സഹായം നൽകത്തക്ക രീതിയിൽ 963 കോടി രൂപയുടെ പദ്ധതികളും സ്ഥാപനങ്ങളുടെ ശക്തിപ്പെടുത്തലിനായി 277 കോടി രൂപയുടെ പദ്ധതികളുമാണ് ശുപാർശ ചെയ്തിട്ടുള്ളത്. ക്ഷീര സംഘങ്ങൾക്ക് തീറ്റപ്പുൽകൃഷിക്കായി ധനസഹായം നൽകുന്നതിനുള്ള പദ്ധതി, ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി എന്നിവ കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്കായി തയ്യാറാക്കി നൽകിയിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly